(സി) ആരോഗ്യ മേഖലയിലെ ഡോക്ടർമാർ, ഫാർമസി അദ്ധ്യാപകർ, നഴ്സിംഗ് അദ്ധ്യാപകർ, സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകർ, അഗ്രിക്കൾച്ചർ ഇൻകം ടാക്സും സെയിൽസ് ടാക്സും അപ്പലേറ്റ് ട്രൈബ്യൂണൽ അക്കൗണ്ട്സ് മെമ്പർ എന്നീ വിഭാഗങ്ങളുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുകയുണ്ടായി.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ടെറിട്ടോറിയൽ ആർമിയിലെ സേവനം

66 (67) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെറിട്ടോറിയൽ ആർമിയിൽ എംബോഡീഡ് സേവനം നടത്തിയിട്ടുള്ള ജീവനക്കാരുടെ സേവനം മിലിട്ടറി സർവ്വീസായി പരിഗണിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ഇപ്രകാരം കാശ്മീർ പോലുള്ള സ്ഥലങ്ങളിൽ ദീർഘകാലം ടെറിട്ടോറിയൽ ആർമി സേവനം നടത്തിയിട്ടുള്ളവരുടെ സേവനം മറ്റ് സംസ്ഥാനങ്ങളിൽ മിലിറ്ററി സേവനമായി കണക്കാക്കി അവർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രത്യേക പരിഗണനകൾ നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ടെറിട്ടോറിയൽ ആർമിയിൽ എംബോഡീഡ് സേവനം നടത്തിയ ജീവനക്കാരുടെ സേവനം മിലിട്ടറി സർവ്വീസായി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ടെറിട്ടോറിയൽ ആർമിയിൽ 15 വർഷമോ അതിലധികമോ എംബോഡീസ് സേവനം പൂർത്തിയാക്കി പെൻഷൻ ലഭിക്കുന്നവരുടെ സേവനകാലം മിലിട്ടറി സർവ്വീസായി പരിഗണിച്ച് വിമുക്തഭടന്മാരായി പരിഗണന നൽകുന്നുണ്ട്. കൂടാതെ, ഒരാൾ സംസ്ഥാന സർക്കാരിൽ ജോലിയിൽ പ്രവേശിച്ച ശേഷം സ്വമനസ്സാലെ അനുഷ്ഠിക്കുന്ന 3 വർഷത്തെ ടെറിട്ടോറിയൽ ആർമിയിലെ സേവനത്തിന് ഒരു അഡ്വാൻസ് ഇൻക്രിമെന്റും നൽകിവരുന്നുണ്ട്.

അരൂർ പള്ളിനിർമ്മാണ അപകടം

67 (68) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂർ പള്ളി നിർമ്മാണത്തിനിടയിൽ തകർന്ന

LIBRARY ARCHIVES Kerala Legislative Assembly

വീണതിനെ ഇടർന്ന് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുമെന്ന് നിയമസഭയിൽ പറഞ്ഞിരുന്നെങ്കിലും ഒരു ലക്ഷം രൂപ മാത്രമേ അനുവദിച്ചുള്ളൂ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രഖ്യാപിച്ച ഇക അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത അപകടത്തിൽപ്പെട്ട് പരുക്കുപറ്റിയവരുടെ ചികിത്സാ ചെലവുകൾ പൂർണ്ണമായും സർക്കാർ വഹിക്കും എന്നുള്ള പ്രഖ്യാപനപ്രകാരം ചികിത്സാ ചെലവുകളുടെ ബില്ലുകൾ സമർപ്പിച്ചിട്ടും ചികിത്സാ ചെലവുകൾ ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പരിക്കേറ്റവരുടെ ചികിത്സാചെലവുകൾ പൂർണ്ണമായും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അരൂർ സെന്റ് അഗസ്റ്റിൻ പള്ളി നിർമ്മാണത്തിനിടയിൽ തകർന്ന് വീണ് മരണപ്പെട്ട 2 പേരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ജി.ഒ.(എംഎസ്.) 148/2013/റ.വ. തീയതി 23-4-2013 പ്രകാരം ഓരോ ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി & സി) ചികിത്സാ ബില്ലുകൾ പരിശോധിച്ചു ഇക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാഹനാപകട ധനസഹായം

68 (69) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അജ്ഞാത വാഹനങ്ങൾ ഇടിച്ച് മരണപ്പെടുന്ന ആളുടെ കുടുംബത്തിന് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകിവരുന്നത് ; ഈ സഹായങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

അപകടമരണങ്ങൾക്ക് വിധേയമാകുന്നവരുടെ കുടുംബങ്ങൾക്ക് മുപ്പതിനായിരം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നു. ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly